## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 323 | 20.06.2019- ൽ മറുപടിക്ക്

## നവകേരള നിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജോർജ് എം. തോമസ്<br>,, കെ.സുരേഷ് കുറുപ്പ്<br>,, ബി.ഡി. ദേവസ്സി<br>,, ആർ. രാജേഷ് : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | നവകേരള നിർമ്മാണത്തിന് സർക്കാർ നടത്തിയ സമർത്ഥമായ ഇടപെടലിന്റെ ഫലമായി ലോക ബാങ്കിൽ നിന്ന് ആദ്യഗഡു വായ്പ അനുവദിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലുള്ള പുനഃസൃഷ്ടിക്കായാണ് തുക അനുവദിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 5137.34 കോടി രൂപയുടെ(സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW -ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ )യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതുസംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>വായ്പയായി ലഭിക്കുന്ന തുക കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme) യുടെ നയരൂപരേഖയിൽ സുപ്രധാന മേഖലകളായി പരാമർശിക്കുന്ന കൃഷി, മൃഗപരിപാലനം ,ഫിഷറീസ് , വനം , ഭൂമി ,ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം ,നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും ,ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ച് കിടക്കുന്ന പരിസ്ഥിതി ,കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം ഓപ്പൺ ഡാറ്റ, പൊതുമേഖലയെ ശക്തിപ്പെടുത്തൽ എന്നീ മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ട് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ജീവിത നിലവാരം മുൻപുണ്ടായിരുന്നതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ ഉറപ്പ് വരുത്തുന്ന തരത്തിലാണോ പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala development Programme) യുടെ നയരൂപരേഖക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അതിജീവനക്ഷമവും പരിസ്ഥിതി സൗഹാർദ്ദപരവുമായ പുനർനിർമ്മാണ പ്രവർത്തനം ഉറപ്പുവരുത്തുന്ന പദ്ധതി, കൃഷി, മൃഗപരിപാലനം ,ഫിഷറീസ് അടിസ്ഥാന സൗകര്യ വികസനം, ജീവനോപാധികൾ, വനം , നഗരവികസനം, ജലവിതരണവും ശുചിത്വവും ,ജലവിഭവം, ഗതാഗതം , കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലയെ ശക്തിപ്പെടുത്തൽ തുടങ്ങിയ പ്രധാനപ്പെട്ട എല്ലാ മേഖലകളിലും ഫലപ്രദമായ ഇടപെടലുകൾ നടത്തി എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിത നിലവാരം മുമ്പത്തേതിനേക്കാൾ മെച്ചപ്പെട്ട തലത്തിലേക്ക് എത്തിക്കുന്ന രീതിയിലാണ് പുനർനിർമ്മാണ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | ജീവനോപാധി പുനഃസൃഷ്ടിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | ജീവനോപാധികളുടെ പുനസ്ഥാപനം അതീവ പ്രാധാന്യത്തോടെ കണ്ടുകൊണ്ട് സർക്കാർ വിവിധപദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു.<br>കുടുംബശ്രീ പദ്ധതിയിൽപ്പെടുത്തി റീസർജന്റ് കേരള ലോൺ ഇനത്തിൽ നാളിതുവരെ 1348.18 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കി.<br><br>പ്രളയക്കെടുതിയിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുക ലക്ഷ്യമിട്ട് ARISE പദ്ധതിപ്രകാരം 50000പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. കൂടാതെ, കെട്ടിടനിർമ്മാണം പൂർണ്ണമായും ഏറ്റെടുക്കാൻ പ്രാപ്തിയുള്ള 246 കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.<br>വ്യവസായ വകുപ്പ് പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി *'ഉജ്ജീവന'* പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ പ്രളയബാധിതരെ സഹായിക്കാനായി |

| | | | |
|---|---|---|---|
| | | | പുനർജനി എന്ന പേരിൽ പുതിയ വായ്പാപദ്ധതിക്ക് KSIDC രൂപം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കാർഷിക മേഖലയുടെ സമഗ്ര പുനരുജ്ജീവനത്തിനായി ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി *'പുനർജനി'* എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**